## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 408** **10.06.2014 ൽ മറുപടിയ്ക്ക്**

## ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകളിൽ ചിലതിന് സബ്സിഡി പൂർണ്ണമായും നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എത്ര പ്ലാന്റുകൾക്കാണ് സബ്സിഡി നൽകാനുള്ളത് എന്നും ആയത് എന്നത്തേക്ക് നൽകാനാവുമെന്നും വ്യക്തമാക്കമോ; | (ബി) അനെർട്ടിന്റെ 2011-12 വർഷത്തെ ഗാർഹിക ബയോഗ്യാസ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച 2142 ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാർ വിഹിതമായ സബ്സിഡി നൽകിക്കഴിഞ്ഞു. എങ്കിലും അധികമായി നൽകാമെന്ന് അറിയിച്ചിരുന്ന കേന്ദ്ര വിഹിതമായ സബ്സിഡി തുക നൽകാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം (MNRE) സബ്സിഡി അനുവദിക്കാതിരുന്ന സാഹചര്യത്തിൽ ആണ് ഇങ്ങനെ സംഭവിച്ചത്. ഈ അധിക കേന്ദ്ര സബ്സിഡി തുക അനെർട്ടിന്റെ ഫണ്ടിൽ നിന്നും നല്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) അനെർട്ട് സ്ഥാപിച്ചതിൽ എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) അനെർട്ട്, ടേൺകീ ഏജന്റുമാർ മുഖേന സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 5 വർഷത്തെ പ്രവർത്തനം ഉറപ്പാക്കുന്നുണ്ട്. ഓരോ വർഷവും പ്ലാന്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| (ഡി) പ്രവർത്തനക്ഷമമായവയ്ക്കെല്ലാം ബാക്കി സബ്സിഡി തുക അടിയന്തരമായി വിതരണം ചെയ്യാൻ നിർദ്ദേശം നൽകുമോ? | (ഡി) അനെർട്ടിന്റെ ഫണ്ടിൽ നിന്നും അധിക സബ്സിഡി തുക നല്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ